➯ *സർവ്വകലാശാല രണ്ടു കോടി രൂപ നൽകും* ➯

**കേരളത്തിലെ** ഹരിതാഭമായ ഒരു കോളേജ് കാമ്പസ് കൂടി മരുഭൂമിയാകാൻ ഒരുങ്ങുന്നു. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ജോൺ മത്തായി സെന്ററിലെ സ്കൂൾ ഓഫ് ഡ്രാമയെ അന്തർദ്ദേശീയ നിലവാരമുള്ള കേന്ദ്രമാക്കി മാറ്റാൻ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗീകാരം നൽകിയതിനെ തുടർന്നാണ് വൃക്ഷനിബിഡമായ കാമ്പസിലേക്ക് ജെസിബി എത്തിയിരിക്കുന്നത്. ഇതിനുള്ള പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് കോഴിക്കോട് സർവ്വകലാശാലയും കേരള സംഗീതനാടക അക്കാദമിയും ഒന്നിച്ചു ചേർന്നാണ്. പത്തു കോടി രൂപയുടെ പരിഷ്കരണ പദ്ധതികളാണ് അവിടെ നടത്താൻ പോകുന്നത്. സർവ്വകലാശാല രണ്ടു കോടി രൂപ നൽകും. ബാക്കി എട്ടു കോടി രൂപ സ്പോൺസർഷിപ്പിലൂടെ സ്വകാര്യ വ്യക്തികളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടിപ്പിക്കും.

# വിസിയും ജെസിബിയും

തൃശൂർ സ്കൂൾ ഓഫ് ഡ്രാമയെ അന്തർദ്ദേശീയ നിലവാരമുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് കാലിക്കറ്റ് സർവ്വകലാശാലാ തീരുമാനിച്ചിരിക്കുന്നു. അതോടെ ഹരിതഭംഗിയാർന്ന കാമ്പസിലേക്ക് ജെ.സി.ബികൾ എത്തിച്ചേർന്നിരിക്കുന്നു. നവീകരണം ഏവരും ആഗ്രഹിക്കുന്നുണ്ടെങ്കിലും മരങ്ങൾ വെട്ടിനിരപ്പാക്കി കാമ്പസ് മരുഭൂമിയാക്കി മാറ്റുന്ന കാലിക്കറ്റ് വി.സിയുടെ സൗന്ദര്യസങ്കൽപ്പം ഏവർക്കും അറിവുള്ളതിനാൽ ആശങ്ക ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

**എസ്. നാരായണൻ**

18 ഏക്കർ വിസ്താരമുള്ള സ്ഥലത്ത് പക്ഷിനിരീക്ഷണ കേന്ദ്രവും ഇന്റർനാഷണൽ കൺവെൻഷൻ സെന്ററും പണിയുന്നുണ്ട്. എല്ലായിടത്തും എത്താനാകുന്ന വിധം നടപ്പാത ഒരുക്കും. കലാക്ഷേത്ര മോഡലിൽ ഡാൻസ് സെന്റർ തുടങ്ങാനും ആലോചനയുണ്ട്. സ്കൂൾ ഓഫ് ഡ്രാമയുടെ കാമ്പസ് നവീകരിക്കുന്നതും കൂടുതൽ സൗകര്യം ഉണ്ടാകുന്നതും വിദ്യാർത്ഥികൾക്ക് സന്തോഷകരമാണെങ്കിലും അവിടത്തെ വൃക്ഷസാന്നിദ്ധ്യം നഷ്ടപ്പെടുന്നതിൽ അവർക്ക് ആശങ്കയുണ്ട്. വൻതോതിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി മരങ്ങൾ മുറിക്കാൻ നീക്കമുണ്ടെന്ന് പത്രങ്ങളിൽ വന്നതോടെ മരങ്ങളെ നിലനിർത്തുന്നതിന് എന്തു ചെയ്യാനാവുമെന്ന ആലോചനയിലാണ് അവർ. കോഴിക്കോട് സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ.എം. അബ്ദുൾ സലാമിന്റെ സൗന്ദര്യ സങ്കല്പത്തെ കുറിച്ചുള്ള വാർത്തകളും പ്രവർത്തനങ്ങളും അറിയാനിടയായതോടെ വിദ്യാർത്ഥികളും പരിസരവാസികളും കൂടുതൽ ഭീതിയിലാണ്. കോഴിക്കോട് സർവ്വകലാശാലയുടെ ആസ്ഥാനത്ത് തന്നെ അഞ്ഞൂറ് ഏക്കറോളം വരുന്ന സ്ഥലത്തെ മരങ്ങൾ വെട്ടിമാറ്റി അവിടെയാകെ പുൽത്തകിടി വെച്ചു പിടിപ്പിച്ചിരിക്കുകയാണ്. അപൂർവ്വ സ്പീഷിസിൽ പെട്ട മരങ്ങൾ പോലും നിർദാക്ഷിണ്യം നീക്കം ചെയ്യപ്പെട്ടു. ലാന്റ്സ്കേപ്പിംഗ് എന്നാണ് വി.സി ഇതിന് ഉപയോഗിക്കുന്ന വാക്ക്. അദ്ദേഹത്തിന് ഒരു സ്ഥലത്തും മരങ്ങൾ പടർന്ന് പന്തലിച്ച് നിൽക്കുന്നത് കണ്ടുകൂടാ. അത്തരം സ്ഥലങ്ങളിലെല്ലാം അദ്ദേഹം ലാന്റ്സ്കേപ്പിംഗ് നടത്തിക്കളയും. അഞ്ഞൂറ് ഏക്കർ നിരപ്പാക്കിയത് തന്റെ സുഹൃത്തിനെ എസ്റ്റേറ്റ് ഓഫീസർ എന്ന തസ്തിക സൃ



സ്കൂൾ ഓഫ് ഡ്രാമയുടെ ഹരിത ക്യാമ്പസ്

ഷ്ടിച്ച് ആ പദവിയിൽ നിയമനം നടത്തിക്കൊണ്ടാണ്. അതിൽ നടന്ന അഴിമതിയെക്കുറിച്ചും വഴിവിട്ട നിയമനത്തെ കുറിച്ചുമൊക്കെയുള്ള വിജിലൻസ് കേസ് തൃശൂർ കോടതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

ഇതിനു മുമ്പുള്ള വിസിമാർക്കൊന്നും ഇല്ലാതിരുന്ന വിചിത്രമായ തരത്തിലുള്ള സൗന്ദര്യ സങ്കല്പവുമായാണ് ഇപ്പോഴത്തെ വിസി അവതരിച്ചിരിക്കുന്നത്. കോംപൗണ്ടിന്റെ ഒരറ്റത്തുനിന്നു നോക്കിയാൽ മറ്റേ അറ്റം കാണാനാവുന്ന വിധത്തിൽ മരങ്ങളും അടിക്കാടുകളും മുറിച്ചു മാറ്റണം എന്നതാണ് അദ്ദേഹത്തിന്റെ അടിസ്ഥാന തത്വം. കോംപൗണ്ടിൽ തലങ്ങും വിലങ്ങും കോൺക്രീറ്റ് കട്ടകൾ പാകിയതോ ടാറിട്ടതോ ആയ നടപ്പാതകൾ വേണം. അധികം ഉയരത്തിൽ വളരാത്ത പൂച്ചെടികൾ ഇരുവശത്തും വേണം. ഇടയിൽ ഓരോ ഗുൽമോഹർ. മരങ്ങൾ ഒന്നും പാടില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ താഴെയുള്ള ശിഖരങ്ങളെല്ലാം കട്ട് ചെയ്ത് മാറ്റണം. വളരെ ഉയരത്തിൽ പോയി വേണമെങ്കിൽ മരത്തിന് വിടർന്ന് നിൽക്കാം. അതിന് വൈസ് ചാൻസലറുടെ അനുമതിയുണ്ട്. താഴെ കാറുകളുടെ സുഗമമായ യാത്ര തടസ്സപ്പെടുത്തരുത്. മരങ്ങളെയും മുളംകൂട്ടങ്ങളെയും വെട്ടിയൊരുക്കണം. ബോബ് ചെയ്യുന്നതുപോലെ എല്ലാറ്റിലും കൃത്രിമമായ സൗന്ദര്യം വേണം. എല്ലായിടത്തും മനുഷ്യന്റെ ഇടപെടൽ വേണം. വി സി പാകപ്പെടുത്തിയെടുത്ത പുൽത്തകിടിയിലേക്ക് ഒരു മാങ്ങയണ്ടിയോ ചക്കക്കുരുവോ മറ്റോ അബദ്ധത്തിൽ പോലും എത്താതിരിക്കാൻ ജോലിക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. മഴപെയ്ത് അവിടെ ഒരു മാവിൻ തൈയ്യോ പ്ലാവിൻ തൈയ്യോ മുളച്ചു നിൽക്കുന്നത് വിസിയുടെ കണ്ണിൽ പെട്ടാൽ ജോലിക്കാരന് മെമ്മോ കിട്ടുമെന്നത് ഉറപ്പാണ്. സ്വന്തം സൗന്ദര്യസങ്കല്പങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ വി.സിക്ക് ഒരു വിട്ടുവീഴ്ചയുമില്ല. അക്കാര്യത്തിൽ അദ്ദേഹം പഴയ തുഗ്ലക്കിന്റെ ഒപ്പമാണ്. യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സ്ഥാപനങ്ങളിലൊക്കെ ഇത്തരം സൗന്ദര്യ സങ്കല്പങ്ങൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നത്. യൂണിവേഴ്സിറ്റിയിൽ തന്നെ ഒരു കുളം നന്നാക്കിയെടുത്ത് അതിൽ അദ്ദേഹം താമര വളർത്തുന്നുണ്ട്. സാധാരണ വലിപ്പത്തിലുള്ള താമരപ്പൂക്കളല്ല. ഒരു കുട്ടവഞ്ചിയോളം വലിപ്പമുള്ളപടുകൂറ്റൻ താമരകൾ. സാധാരണ താമരയൊക്കെ സാധാരണക്കാർ വളർത്തിയാൽ മതി. വി.സിയുടെ താമരക്ക് പദവി അനുസരിച്ചുള്ള വലിപ്പം വേണം. ഇതേ ചിന്താഗതി കൊണ്ടാണ് സാധാരണ അമ്മമാരല്ല പൊന്നമ്മമാരാണ് കേരളത്തിൽ വേണ്ടതെന്ന് അദ്ദേഹം ആഗ്രഹിക്കുന്നത്. സാംസ്കാരിക പരിപാടികൾക്ക് യു.ജി.സി അനുവദിച്ച ഫണ്ട് വക മാറ്റിയാണ്, കേരളത്തിൽ നിന്ന് തെരഞ്ഞെടുത്ത അഞ്ചുപേർക്ക് 'ഗോൾഡൻ മദർ' പുരസ്കാരം നൽകുന്നത്. എന്തടിസ്ഥാനത്തിലാണ് അമ്മ പൊന്നമ്മയാകുന്നതെന്നും അമ്മയാകാത്ത സ്ത്രീകളൊക്കെ സിൽവറും കോപ്പറുമാണോയെന്നും വിവാഹം കഴിക്കാതെ അമ്മയായാൽ പരിഗണിക്കുമോ എന്നുമൊക്കെ നിരവധി പേർ ചോദിച്ചിട്ടും വി.സിയുടെ ഭാഗത്തുനിന്ന് മറുപടിയൊന്നും ഉണ്ടായിട്ടില്ല. ഗോൾഡൻ മദറിനു വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്നോ ആരാണ് വിധിനിർണ്ണയക്കാർ എന്നോ നികുതി കൊടുക്കുന്ന ജനത്തിന് ഒരു വിവരവുമില്ല. കുഴിയിൽ വീണ കാട്ടാനകളെ താപ്പാനകളെ ഉപയോഗിച്ച് വരുതിയിലാക്കുന്നതുപോലെ പൊന്നമ്മമാരെ തിരഞ്ഞെടുക്കാനുള്ള ചുമതല സർവ്വകലാശാലയുടെ കീഴിലുള്ള സ്ത്രീപഠന വിഭാഗം ഡയറക്ടറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർവ്വകലാശാലയുടെ 73 ഏക്കർ ഭൂമി

കൈമാറ്റം ചെയ്തതിന് ഒത്താശ ചെയ്ത വി.സി കുറ്റക്കാരനാണെന്ന് വിജിലൻസ് കോടതി കണ്ടെത്തിയിരിക്കയാണ്. ഭൂമിദാനത്തെ സംബന്ധിച്ച് ആറ് കേസുകളാണ് കോടതിയിലുള്ളത്. അതിൽ മൂന്ന് കേസുകളുടെ വിധി കഴിഞ്ഞ മാർച്ച് 19ന് തീർപ്പായി. എതിർപ്പുകളെത്തുടർന്ന് ഭൂമിദാനം റദ്ദാക്കിയിരുന്നതുകൊണ്ടാണ് വി സി ശിക്ഷാനടപടികളിൽ നിന്നും രക്ഷപ്പെട്ടത്. റദ്ദുചെയ്തിരുന്നില്ലെങ്കിൽ, വ്യാജ ബയോഡേറ്റ നൽകിയതിനെ തുടർന്ന് പുറത്തുപോകേണ്ടി വന്ന മഹാത്മാ ഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസ്‌ലർ എ.വി. ജോർജ്ജിന് ഒരു തുണ ലഭിക്കുമായിരുന്നു. ഭൂമിദാനത്തിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യം ചെയ്ത കോടതി ഇതിന് പിറകിൽ നടന്ന സ്വാർത്ഥതാത്പര്യങ്ങളെക്കുറിച്ചും ഇത്തരം നടപടികളെടുത്താലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും എടുത്തുപറഞ്ഞു. ഇതെല്ലാം അറിയുന്നതുകൊണ്ടാണ് വി.സി



സൂര്യ കൃഷ്ണമൂർത്തി



വി.സി. ഡോ.എം. അബ്ദുൾ സലാം

യും ജെ.സി.ബിയും സ്കൂൾ ഓഫ് ഡ്രാമാ കാംപസിലെത്തിയ മെയ് 3 ന് തൃശൂരിലെ പരിസ്ഥിതി–പൗരാവകാശ പ്രവർത്തകർ, കാംപസിലെ വൃക്ഷങ്ങളെ നിലനിർത്തിക്കൊണ്ടുള്ള വികസനമേ ആകാവൂ എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം വി.സിക്ക് കൈമാറിയത്. സ്കൂൾ പരിസരത്തെ താമസക്കാരനും ലാലൂർ മലിനീകരണവിരുദ്ധ സമിതി കൺവീനറുമായ ടി.കെ. വാസു അവിടത്തെ വൃക്ഷസമ്പത്തിനെ പറ്റി വി.സിയെ ധരിപ്പിച്ചു. വൃക്ഷസ്നേഹിയായ ഡോ. ജോൺ മത്തായി വിദേശയാത്രകൾ കഴിഞ്ഞ് മടങ്ങുമ്പോഴെല്ലാം അവിടെ നിന്നുമുള്ള അപൂർവ്വ വൃക്ഷത്തൈകൾ കൊണ്ടുവരുമായിരുന്നു. അദ്ദേഹം വച്ചുപിടിപ്പിച്ച മരങ്ങളാണ് ആ 18 ഏക്കറിൽ പടർന്നു പന്തലിച്ച് നിൽക്കുന്നത്. 'നിങ്ങളെ പോലുള്ളവർ ഇവിടെ കണ്ണുവെക്കുന്നതിൽ ഞങ്ങൾക്ക് ആശങ്കയുണ്ടെന്ന്'പറഞ്ഞ വാസുവേട്ടനോട് ഒറ്റ മരവും മുറിക്കില്ലെന്നായിരുന്നു വി.സിയുടെ മറുപടി. വി.സി പറഞ്ഞു: "നമുക്ക് മരങ്ങൾ വേണം. തണൽ വേണം, ആകാശം വേണം, പുൽത്തകിടി വേണം, പച്ചപ്പ് വേണം.... പച്ചപ്പിനെ പറ്റി പറഞ്ഞപ്പോഴാണ്, എവിടെ? കൃഷ്ണമൂർത്തി എവിടെ?" ജെ.സി.ബിയുടെ അടുത്തുനിന്നും ഓടി വന്ന പച്ച ടീ ഷർട്ട് ധരിച്ച സൂര്യ കൃഷ്ണമൂർത്തിയെ മുന്നിലേക്ക് നീക്കി നിർത്തി വി.സി എല്ലാവരോടുമായി പറഞ്ഞു. "നിങ്ങളുടെ വേവലാതികൾക്കൊന്നും ഒരർത്ഥവുമില്ല. ഈ കൃഷ്ണമൂർത്തിയെ കണ്ടോ? ഇദ്ദേഹമാണ് ഞങ്ങളുടെ ഡീൻ. വളരെ ഭാവനാശാലിയായ മനുഷ്യനാണ്. ഒരു മരവും മുറിക്കാതെയാണ്  ഇദ്ദേഹം ഇവിടം ശരിപ്പെടുത്താൻ പോകുന്നത്. ഇദ്ദേഹത്തിന്റെ ഈ പച്ച ഷർട്ട് കണ്ടോ? ഈ കാംപസ് ഇനി കൃഷ്ണമൂർത്തിയെ പോലെ ഹരിതാഭമാകാൻ പോവുകയാണ്." വി.സി കൃഷ്ണമൂർത്തിയെ പറ്റി പറഞ്ഞത് കേട്ട് നിവേദക സംഘത്തോടൊപ്പമുണ്ടായിരുന്ന ഒരു നാടക വിദ്യാർത്ഥി നടത്തിയ ആത്മഗതം അല്പം ഉച്ചത്തിലായിപ്പോയി, "ഓ....മൈ ഗോഡ്...!"

സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എട്ടു കോടി രൂപ സമാഹരിച്ച് സ്കൂൾ ഓഫ് ഡ്രാമയെ മോടി പിടിപ്പിക്കുന്നതോർത്ത് പൂത്തുലഞ്ഞ് നിൽക്കുകയാണ് കൃഷ്ണമൂർത്തി. അദ്ദേഹം ചെയർമാനായ സംഗീത നാടക അക്കാദമിയിൽ ഇതേ രീതിയിൽ പണം സ്വരൂപിച്ച് നടത്തിയ കോമാളിത്തങ്ങൾ അവിടെ ചെല്ലുന്നവർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഒരു തുള്ളി മഴവെള്ളം മണ്ണിലേക്കിറങ്ങാത്ത വിധത്തിലാണ് അവിടെ വികസന പ്രവർത്തനങ്ങൾ. എല്ലായിടവും എയർ കണ്ടീഷൻ ചെയ്യുകയാണ് പ്രധാന ഹോബി. റീജിയണൽ തിയ്യേറ്റർ പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്ത്, വൻ തോക്കുകൾക്ക് മാത്രം തൃശൂരിലെ ഏറ്റവും മികച്ച ഓഡിറ്റോറിയം ഉപയോഗിക്കാനാകുന്ന വിധത്തിൽ വാടക ഉയർത്താനുള്ള ആലോചനകൾ നടന്നു വരികയാണ്. കലാകാരന്മാർക്ക് നൂറും ഇരുനൂറും രൂപ വീതം രോഗാവസ്ഥയിലും മരണാനന്തരവുമൊക്കെ കൊടുക്കുന്നതാണ് അവിടെ നടക്കുന്ന മഹത്തായ കാര്യങ്ങൾ. കലാകാരന് എറിഞ്ഞു കൊടുക്കുന്ന ഈ അപ്പക്കഷ്ണങ്ങളുടെ വിവരങ്ങളും അത് സ്പോൺസർ ചെയ്തിരിക്കുന്ന പണച്ചാക്കുകളെക്കുറിച്ചും വിശദമായി തന്നെ മാർബിളിൽ കൊത്തിവച്ച് അതിനു താഴെ ചെയർമാനും സെക്രട്ടറിയും സ്വന്തം പേരുവച്ച് തുല്യം ചാർത്തുക കൂടി ചെയ്തിട്ടുണ്ട്.

ചെയ്ത കാര്യങ്ങളൊക്കെ മാർബിളിൽ കൊത്തിവയ്ക്കുന്ന രീതി സംഗീത നാടക അക്കാദമിയുടെ മുൻ ഭരണാധികാരികൾ കൂടി ചെയ്തിരുന്നെങ്കിൽ റീജിയണൽ തിയ്യറ്റർ ഒരു മാർബിൾ മന്ദിരമാകുമായിരുന്നു. ശങ്കിപ്പിള്ളയും കാവാലവുമൊന്നും അതു ചെയ്യാതിരുന്നതു കൊണ്ട് തൃശൂരിന് ഒരു താജ്മഹൽ നഷ്ടമായി. പണച്ചാക്കുകളെ കൊണ്ട് സ്പോൺസർ ചെയ്യിച്ച പദ്ധതികൾ പൂർത്തിയാകുമ്പോൾ, സ്കൂൾ ഓഫ് ഡ്രാമയുടെ ഏതെങ്കിലും മൂലയിൽ ഇതിന്റെയൊക്കെ പിതൃത്വം അവകാശപ്പെട്ട് നിൽക്കുന്ന ഒരു പച്ചഷർട്ട് ധരിച്ച പ്രതിമയെ കണ്ടാൽ ഒട്ടും അത്ഭുതപ്പെടേണ്ടതില്ല. വിസിമാർ സ്ഥാനമൊഴിഞ്ഞ് പോകുമ്പോൾ കോൺഫറൻസ് ഹാളിൽ ഒരു ചിത്രം തൂക്കുന്ന പതിവുണ്ടത്രെ കോഴിക്കോട് സർവ്വകലാശാലയിൽ. നമ്മുടെ വി.സി അത് ഇപ്പോൾ തന്നെ തൂക്കിക്കളഞ്ഞു എന്നാണ്പറഞ്ഞു കേൾക്കുന്നത്. മൊത്തത്തിൽ ഈ നാറാംപേച്ചിക്കു കൂട്ട് മരപ്പട്ടി എന്നതു പോലെയാണ് വി.സി യുടേയും ഡീനിന്റേയും കാര്യങ്ങൾ.

**സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും എട്ടു കോടി രൂപ സമാഹരിച്ച് സ്കൂൾ ഓഫ് ഡ്രാമയെ മോടി പിടിപ്പിക്കുന്നതോർത്ത് പൂത്തുലഞ്ഞ് നിൽക്കുകയാണ് കൃഷ്ണമൂർത്തി. അദ്ദേഹം ചെയർമാനായ സംഗീത നാടക അക്കാദമിയിൽ ഇതേ രീതിയിൽ പണം സ്വരൂപിച്ച് നടത്തിയ കോമാളിത്തങ്ങൾ അവിടെ ചെല്ലുന്നവർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.**

സ്കൂൾ ഓഫ് ഡ്രാമ തന്നെ ഇത്രയും വലിയ കാംപസിൽ നിന്നും എടുത്തു മാറ്റണം എന്നൊരഭിപ്രായം യൂണിവേഴ്സിറ്റി അധികാരികൾക്കുണ്ടെന്നു പറയപ്പെടുന്നു. എംബിഎയും കംപ്യൂട്ടർ സയൻസും പോലുള്ള സ്വാശ്രയ കോഴ്സുകൾ തുടങ്ങിയാൽ വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപക നിയമനങ്ങളിൽ നിന്നും എത്ര ലക്ഷങ്ങളാണ് ലഭിക്കുക.... ഈ നാടകവും പാട്ടുമൊക്കെ പഠിച്ചിട്ടും പഠിപ്പിച്ചിട്ടും എന്തു കാര്യം? ശങ്കരപ്പിള്ളയുടേയും കാവാലത്തിന്റേയും കോലം തുള്ളലും കുരുത്തോലയുമൊക്കെ കാലഹരണപ്പെട്ടു പോയി. കാലത്തിനനുസരിച്ച് കോലം മാറണം. ഇത് ബി.ടി വിളകളുടെ കാലമാണ്. ഇവിടെ അമ്മമാർക്ക് പകരം ഗോൾഡൻ മദർമാരും താമരക്കു പകരം കുട്ടവഞ്ചിത്താമരയുമൊക്കെയാണ് വേണ്ടത്. ബി.ഡി.ഷെട്ടിയെ പോലെ, കുബേരമേനോൻമാരെ പോലെ കീശയിൽ കോടികളുമായി നടക്കുന്നവരെ അകത്തളങ്ങളിലേക്ക് ക്ഷണിച്ചു വരുത്തുകയാണ് വേണ്ടത്.....

ഒറ്റ മരവും മുറിക്കില്ലെന്ന് വി.സി പറഞ്ഞ വാക്ക് ഒരു പക്ഷേ പാലിക്കപ്പെടുമായിരിക്കാം. അതിന്റെ ചുമതലയുള്ള ഡീൻ അടിക്കാടുകൾ മുഴുവൻ ജെ.സി.ബി ഉപയോഗിച്ച് ഇപ്പോൾ തന്നെ നീക്കം ചെയ്തു കഴിഞ്ഞു. ഇനി പണം വരാനുള്ള വഴികളാണ് നോക്കാനുള്ളത്. സ്പോൺസർമാരെ കൊണ്ടു നടന്ന് കാണിക്കാൻ പാകത്തിൽ നടപ്പാതകളും കൈവരികളും കാർ പാർക്കിംഗ് സൗകര്യങ്ങളുമൊക്കെയാണ് ഇനി വരിക. അതോടെ മണ്ണിൽ മഴവെള്ളമിറങ്ങാനുള്ള സാദ്ധ്യതകളും ഇല്ലാതാകും. മണ്ണാണ് ആർക്കും കണ്ടുകൂടാത്തത്. അടിക്കാടുകൾ പോയതോടെ വൃക്ഷങ്ങൾക്ക് നിലനിൽക്കാനുള്ള അന്തരീക്ഷം ഇപ്പോൾ തന്നെ നഷ്ടപ്പെട്ടു കഴിഞ്ഞു. മുകളിൽ നിന്നും, താഴെ പാകാൻ പോകുന്ന കോൺക്രീറ്റ് കട്ടകളിൽ നിന്നും ഒരേ സമയം വരുന്ന ചൂട് സഹിക്കാൻ കഴിയാതെ കാലക്രമേണ വൃക്ഷങ്ങളെല്ലാം താനേ അടിയറവ് പറഞ്ഞുകൊള്ളും.

എന്തായാലും കുട്ടികൾ ക്ലാസ്സു മുറികളിലിരുന്ന് ഇപ്പോഴും നാടകം പഠിക്കുന്നുണ്ട്. ഷൈലോക്കുമാരും പാഷാണംവർക്കിമാരും മാനിനെ അമ്പെയ്ത് കൊല്ലാൻ വന്ന ദുഷ്യന്തൻമാരും പുറത്ത് അവരുടെ നാടകവുമായി വിഹരിക്കുന്നുമുണ്ട്. പുസ്തകത്തിൽ നിന്ന് തലയുയർത്തിയ കുട്ടികൾ വാതിലിന്റെ കർട്ടൻ വകഞ്ഞുമാറ്റി പുറത്തു വരുമെന്നും 'ആശ്രമ മൃഗത്തെ കൊല്ലരുതെ'ന്ന് പറയുമെന്നും 'മാംസമെടുക്കുമ്പോൾ രക്തം ചിന്തരുതെ'ന്ന് ശഠിക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

**വാൽക്കഷ്ണം:** ഫലിതസാഹിത്യകാരൻ ഇ.വി. കൃഷ്ണപിള്ളയുടെ സ്മരണാർത്ഥമുള്ള ഇ വി കലാമണ്ഡലത്തിന്റെ കലാരത്ന പുരസ്കാരത്തിന് സൂര്യാ കൃഷ്ണമൂർത്തി അർഹനായി എന്ന് പത്രവാർത്ത. 15,000 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരം. അതേ ആഴ്ചയിൽത്തന്നെ അടൂർ ഭാസി കൾച്ചറൽ ഫോറത്തിന്റെ സിനിമാ-ടെലിവിഷൻ പുരസ്കാര പ്രഖ്യാപനവും വന്നു. മികച്ച സിനിമ ബാല്യകാലസഖിയും മികച്ച സംവിധായകൻ പ്രമോദ് പയ്യന്നൂരും. ഫലിത സാഹിത്യകാരന്റേയും ഹാസ്യനടന്റേയും സ്മരണ നിലനിർത്താൻ വേണ്ടി നൽകി വരുന്ന പുരസ്കാര പ്രഖ്യാപനങ്ങൾ പോലും ജനങ്ങളുടെ ചുണ്ടിൽ ചിരിവിടർത്തുന്നതാകണമെന്ന് സ്മാരകസമിതികളുടെ നിയമാവലിയിൽ എഴുതിവച്ചിട്ടുണ്ടായിരിക്കുമോ? ■